**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 31** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പീച്ചി ഡാം പരിസരത്ത് ആവർത്തിച്ചുണ്ടാകുന്ന ഭൂചലനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2026 ജൂലൈ മാസത്തിൽ പീച്ചി ഡാം പരിസരത്ത് ആവർത്തിച്ച് ഭൂചലനങ്ങളും ഭൂപ്രകമ്പനങ്ങളും അനുഭവപ്പെട്ടതും ഇതിന്റെ ഭാഗമായി നിരവധി വീടുകളുടെ ഭിത്തികളിൽ വിള്ളലുകൾ ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2026 ജൂലൈ 20-ന് പീച്ചി പ്രദേശത്ത് രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ തീവ്രത, പ്രഭവകേന്ദ്രം, ആഴം എന്നിവ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ ലഭ്യമാണോ; പ്രസ്തുത മേഖലയിൽ തുടർചലനങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** (a)2026 ജൂലൈ മാസത്തിൽ തൃശ്ശൂർ താലൂക്കിൽപ്പെട്ട പീച്ചി, പാണഞ്ചേരി മേഖലകളിൽ ഭൂചലനങ്ങളും ഭൂപ്രകമ്പനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകൾക്ക് ചെറിയ തോതിലുള്ള വിള്ളലുകൾ ഉൾപ്പെടെ നാശനഷ്ടങ്ങൾ സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ സീസ്മോളജിയുടെ ശാസ്ത്രീയ വിവരങ്ങൾ പ്രകാരം 2026 ജൂലൈ 20-ന് രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ തീവ്രത റിക്ടർ സ്കെയിലിൽ 2.6 magnitude ആയിരുന്നു. പ്രഭവകേന്ദ്രം പീച്ചി റിസർവോയർ പരിസര പ്രദേശത്തും [ലാറ്റിറ്റ്യൂഡ് 10.547/ ലോഞ്ചിറ്റ്യൂഡ് 76.420], പ്രഭവ കേന്ദ്രത്തിന്റെ ആഴം ഭൂനിരപ്പിൽനിന്നും ഏകദേശം 10 കി.മീ. കണക്കാക്കിയിരുന്നു. പ്രസ്തുത ചലനത്തിന് ശേഷം 22.07.2026-ൽ 1.2 magnitude ഉള്ള മറ്റൊരു തുടർ ചലനം ഉണ്ടാകുകയും അതിനു ശേഷവും പ്രകമ്പനങ്ങൾ/ സൂക്ഷ്മതുടർചലനങ്ങൾ പ്രദേശത്ത് അനുഭവപ്പെട്ടതായി പ്രദേശവാസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും തീവ്രത സംബന്ധിച്ച് നാഷണൽ സെന്റർ ഫോർ സീസ്മോളജിയുടെ രേഖപ്പെടുത്തലുകൾ ലഭ്യമല്ല.

**(ബി)** പീച്ചി മേഖലയിൽ ഇത്തരം ഭൂചലനങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി തുടർച്ചയായ സീസ്മിക് നിരീക്ഷണം, വീടുകളുടെ സാങ്കേതിക പരിശോധന, അപകടസാധ്യതാ വിലയിരുത്തൽ, ആവശ്യമായ സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ നടപ്പാക്കുന്നതിനും വിദഗ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘകാല സുരക്ഷാ പദ്ധതി തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പീച്ചി മേഖലയിൽ ആവർത്തിച്ചുള്ള seismic activity റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ തുടർച്ചയായ seismic monitoring ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് NCESS പരിപാലിക്കുന്ന Seismic observatory-യെ National Seismological Network - മായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** പീച്ചി മേഖലയിൽ ആവർത്തിച്ചുണ്ടാകുന്ന ഭൂചലനങ്ങളുടെ ഭൂമിശാസ്ത്രപരവും ഭൗമശാസ്ത്രപരവുമായ കാരണങ്ങൾ, പ്രദേശത്തിന്റെ ഭൂകമ്പസാധ്യത, ഭാവിയിൽ ഉണ്ടാകാവുന്ന അപകടസാധ്യത എന്നിവ സംബന്ധിച്ച് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജിയോളജി വകുപ്പ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് /നാഷണൽ സെന്റർ ഫോർ സീസ്മോളജി തുടങ്ങിയ വിദഗ്ധ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പീച്ചി മേഖലയിൽ ആവർത്തിച്ചുള്ള seismic activity റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ തുടർച്ചയായ seismic monitoring ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് NCESS പരിപാലിക്കുന്ന Seismic observatory-യെ National Seismological Network - മായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** പീച്ചി ഡാമിന്റെ പരിസരത്ത് ഭൂചലനങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഡാമിന്റെ ഘടനാപരമായ സുരക്ഷ, അനുബന്ധ നിർമിതികളുടെ സുരക്ഷ, ജലസംഭരണ മേഖലയുടെയും സമീപപ്രദേശങ്ങളുടെയും സുരക്ഷ എന്നിവ സംബന്ധിച്ച് വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** പീച്ചി ഡാമിന്റെ പരിസരത്ത് ഭൂചലനം സംഭവിച്ച സാഹചര്യത്തിൽ Structural Safety, dam associated structures, reservoir area സമീപപ്രദേശങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക വിദഗ്ധ പരിശോധന നടത്തിയതായി വ്യക്തമാക്കുന്ന detailed technical assessment report നിലവിൽ ലഭ്യമല്ല.

**(ഇ)** ഭൂചലനത്തെ തുടർന്ന് വീടുകളുടെ ഭിത്തികളിൽ വിള്ളലുകളും മറ്റ് നാശനഷ്ടങ്ങളും ഉണ്ടായതായി ലഭിച്ച പരാതികളിൽ ഇതുവരെ എത്ര വീടുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; എത്ര വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്; വീടുകളുടെ സുരക്ഷ സംബന്ധിച്ച് സ്ട്രക്ചറൽ അസസ്മെന്റ് നടത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** പ്രദേശത്തെ വീടുകളുടെ ഭിത്തികളിൽ വിള്ളലുകളും മറ്റ് നാശനഷ്ടങ്ങളും ഉണ്ടായതായി അറിയിച്ച 37 പരാതികളിൽ 35 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാശനഷ്ടത്തിന്റെ കാരണം ഭൂകമ്പം തന്നെയാണോ എന്ന് പരിശോധിക്കുന്നതിന് ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വീടുകളുടെ സുരക്ഷ സംബന്ധിച്ച് സ്ട്രക്ചറൽ അസസ്മെന്റ് നടത്തിയിട്ടില്ല.

**(എഫ്)** ഭൂചലനത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ച വീടുകളുടെ ഉടമകൾക്ക് നിലവിലുള്ള ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കാവുന്ന ധനസഹായം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഭൂചലനത്തെതുടർന്ന് നാശനഷ്ടം സംഭവിച്ച വീടുകളുടെ ഉടമകൾക്ക് നിലവിലുള്ള ദുരന്തപ്രതികരണനിധി മാനദണ്ഡങ്ങൾപ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് ജില്ലാകളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**